**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 844** **06-10-2021 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | മലപ്പുറം ജില്ലയിൽ പട്ടികജാതി/ പട്ടികവർഗ വിഭാഗങ്ങൾക്കുള്ള വിവിധ പദ്ധതികളുടെ ആയിരത്തിലധികം ധനസഹായ അപേക്ഷകൾ തീർപ്പ് കൽപ്പിക്കാതെ കെട്ടികിടക്കുന്നതായിട്ടുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ധനസഹായം വിതരണം ചെയ്യുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | മലപ്പുറം ജില്ലയിൽ പട്ടികജാതി വിഭാഗങ്ങൾക്കായുള്ള വിവിധ പദ്ധതികളിലായുള്ള 955 അപേക്ഷകളിൽ 532 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള വിവിധ പദ്ധതികളിലും തീർപ്പ് കല്പിക്കാൻ ശേഷിക്കുന്ന ജനനീജന്മരക്ഷ, വിവാഹ ധനസഹായം എന്നീ അപേക്ഷകളിലും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ധനസഹായം അനുവദിച്ചുനൽകുന്നതാണ്. |
| (ബി) | എതെല്ലാം ആവശ്യങ്ങൾക്കായി നൽകിയ അപേക്ഷകളാണ് തീർപ്പ് കൽപ്പിക്കാനുള്ളതെന്നും അതിനു കാലതാമസം നേരിടുന്നതിന്റെ കാരണവും വ്യക്തമാക്കാമോ; | (ബി) | പട്ടികജാതി വിഭാഗത്തിൽ തീർപ്പ് കല്പിക്കാനുള്ള അപേക്ഷകളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു. ടി അപേക്ഷകളിൽ തുക അനുവദിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽ ജനനീജന്മരക്ഷ പദ്ധതി പ്രകാരം 26 അപേക്ഷകളും വിവാഹ ധനസഹായ പദ്ധതി പ്രകാരം 8 അപേക്ഷകളും തീർപ്പ് കല്പിക്കാനുണ്ട്. വ്യയ നിയന്ത്രണമുള്ളതിനാൽ ആകെ ബഡ്ജറ്റ് വിഹിതത്തിന്റെ 55% തുക മാത്രമേ അലോട്ട് ചെയ്യാൻ കഴിയുകയുള്ളൂ. ഈ നിയന്ത്രണം ഒഴിവാകുന്ന മുറയ്ക്ക് ഫണ്ട് അനുവദിക്കുന്നതാണ്. |
| (സി) | അർഹരായ ഗുണഭോക്താക്കൾക്ക് എത്രയും വേഗം ധനസഹായം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ? | (സി) | നടപടി സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | ധനസഹായം | അപേക്ഷകളുടെ എണ്ണം |
|---|---|---|
| 1 | മിശ്രവിവാഹ ധനസഹായം | 75 |
| 2 | ഏകവരുമാനദായകന്റെ മരണത്തിന് ധനസഹായം | 65 |
| 3 | അതിക്രമത്തിന് ഇരയായവർക്കുള്ള ധനസഹായം | 38 |
| 4 | ചികിത്സാ ധനസഹായം | 80 |
| 5 | വിവാഹ ധനസഹായം | 165 |

സെക്ഷൻ ഓഫീസർ